

## പല്ലവി

പൊന്നേശു തമ്പുരാൻ നല്ലൊരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വെച്ചു

## ചരണങ്ങൾ

സ്വർഗസിംഹാസനം താതന്റെ മാർവതും
ദൂതന്മാർ സേവയും വിട്ടെൻപേർക്കായ്
ദാസനെ പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശരസ്സതിലേറ്റീടുവാൻ

തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കു തകരുന്നെൻ
കണ്ണു നിറയുന്നെൻ രക്ഷകനെ

എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപസാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു നീ-
ന്നോമനപൈതലായി തീർക്കേണമേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏറ്റം പെരുകിയതാശ്ചര്യമെ
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻ പുത്രന്റെ രാജ്യത്തിലായ്

ഭൂലോകമായയിൽ മോഹം പതിച്ചെന്റെ
കാലം പാഴിൽ കളഞ്ഞീടാതെന്നിൽ
സ്വർലോകരാജ്യത്തിൽ തങ്കകിരീടത്തി-
ലുല്ലാസമേകണേ പൊന്നേശുവേ

പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവേശനേ കയ്യിലേല്പിക്കുന്നു
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിലും കൂടെ കാക്കേണമേ

കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി-
ദൂതന്മാരാർപ്പുമായി വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാർവോടണച്ചെന്റെ
സങ്കടം തീർക്കേണം രക്ഷകനേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me